പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3369 | 23.06.2014 -ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷൻവഴിയുള്ള മദ്യവിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | നടപ്പ് സാമ്പത്തിക വർഷം ബിവറേജസ് കോർപ്പറേഷൻവഴി എത്ര രൂപയുടെ മദ്യം വിറ്റഴിക്കപ്പെട്ടുവെന്നും, മദ്യ വിൽപ്പനയിലൂടെ ബിവറേജസ് കോർപ്പറേഷന് എത്ര രൂപയുടെ ലാഭം ഉണ്ടായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ; | (എ) | നടപ്പ് സാമ്പത്തിക വർഷത്തിൽ (2014-15) ഏപ്രിൽ മുതൽ മെയ് വരെ 1774 കോടി രൂപയുടെ മദ്യം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മുഖേന വില്പന നടത്തി. 2014-15 സാമ്പത്തിക വർഷത്തിലെ ഗ്യാലനേജ് ഫീയുടെ നിരക്ക് തീരുമാനിച്ചിട്ടില്ല. ആയതിനാൽ കോർപ്പറേഷന്റെ ലാഭം ഇപ്പോൾ കണക്കാക്കുവാൻ കഴിയില്ല. |
| (ബി) | വിവിധ മദ്യ കമ്പനികളിൽനിന്നും മദ്യം വാങ്ങുന്നതിന് ബിവറേജസ് കോർപ്പറേഷൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | കോർപ്പറേഷന്റെ മദ്യവിതരണക്കാരിൽ നിന്നു റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചാണ് മദ്യം വാങ്ങുന്നത്. റേറ്റ് കോൺട്രാക്റ്റിലെ നിബന്ധനകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ